PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1123.

Monday the 9th August 1948/25th Karkatakam 1123.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Monday the 9th August 1948/25th Karkatakam 1123, the President, (The Honourable Mr. A. J. John) in the Chair.

ഉപചോദ്യങ്ങൾ.

MR. PRESIDENT : ചോദ്യോത്തരങ്ങൾ തുടങ്ങുന്നതിനു മുൻപ് എനിക്ക് ഒരു പ്രസ്താവന ചെയ്യേണ്ടതായിട്ടുണ്ട്. ഇന്ന് ഒരുകെ ഫ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതാണെന്ന് അജൻറായിൽനിന്ന് കാണാൻ സാധിക്കും. ആ സ്ഥിതിക്ക് ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് ഒരു നിയന്ത്രണം ആവശ്യമുണ്ടെന്നുള്ള വിചാരം ഞാൻ വീണ്ടും അറിയിച്ചുകൊള്ളുന്നു. വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കു മാത്രം ഉപചോദ്യങ്ങൾ ചോദിക്കുകയും ചോദ്യങ്ങൾ അയച്ചിട്ടുള്ള മെമ്പറന്മാർ ആ ചോദ്യങ്ങൾക്കു വരാവുന്ന ഉപചോദ്യങ്ങൾ പഠിച്ചുകൊണ്ടു വന്നിരിക്കാവുന്നതുകൊണ്ട് കഴിയുന്നതും അവർക്കുതന്നെ ഉപചോദ്യങ്ങൾ ചോദിക്കാനുള്ള സൌകര്യം നൽകുകയും ചെയ്യുന്നതു നന്നായിരിക്കും. അങ്ങനെയാണെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതിന് സാധിക്കും. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ചുള്ള നിയന്ത്രണം ആവശ്യമാണെന്ന് ഞാൻ വീണ്ടും വീണ്ടും അറിയിച്ചുകൊള്ളുന്നു.

MR. U. K. VASUDEVAN ASARI (*Kottayam III—General*) : ലിസ്റ്റിൽ ചോദ്യങ്ങൾക്ക് ഇന്ന തീയതികളിൽ ഉത്തരം പറയുമെന്ന ഉണ്ട്. എന്നാൽ ആ തീയതികളിൽ ഉത്തരം പറയാതെ ഇരിക്കുകയാണെങ്കിൽ പിന്നീട് ആ ചോദ്യങ്ങൾക്കു മറുപടി കിട്ടുമോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു റൂളിംഗ് ഉണ്ടായാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: കഴിയുന്നതും ആ തീയതികളിൽതന്നെ ഉത്തരം പറയണമെന്ന് ആഗ്രഹം ഉണ്ട്. എന്നാൽ അതു സാധിക്കാതെ വരുന്ന പക്ഷം പിന്നീട് ആ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതായിരിക്കും. ഇതു് സഭീകാര്യമല്ലെങ്കിൽ അതിനേപ്പറ്റി വേണ്ട നിർദ്ദേശങ്ങൾ തരുവാൻ സഭയ്ക്ക് അധികാരമുണ്ട്.

MR. K. A. MATHEW (*Thiruvalla VI—Greneral*: സർ, ഒരു ചോയിൻറ് ഓഫ് ആഡർ. ഇന്ന് ഒരു ഷോർട്ട് നോട്ടീസ് കചസ്റ്റ്യൻ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനു് മറുപടി പറഞ്ഞാൽ കൊള്ളാമെന്ന് തോന്നുന്നു. അല്ലെങ്കിൽ പിന്നീട് ഒരുപക്ഷേ സമയം തീരുകയാണെങ്കിൽ ഇതു് ചോദിക്കാൻ സാധിക്കാതെ വരും.

MR. PRESIDENT: ഇതിനേ സംബന്ധിച്ച് സെൻട്രൽ അസംബ്ളിയിലെ നിയമം അവസാനമായി ഷോർട്ട് നോട്ടീസു് കചസ്റ്റ്യൻ എടുക്കുക എന്നുള്ളതാണ്. സമയം അവസാനിക്കുന്നതിനു് രണ്ടു മൂന്നു മിനിട്ടിനു മുമ്പു് അതു് എടുക്കുന്നതായിരിക്കും.

QUESTIONS AND ANSWERS.
(ORAL ANSWERS.)

നെയ്യാറിൻകര താലൂക്ക സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

92. MR. P. K. KRISHNAN SASTRI (*Minachil II—Pulaya*): താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിൻകര താലൂക്ക് സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: Yes, the matter Is engaging the attention of Government.

MR. P. K. KRISHNAN SASTRI: പതിനൊന്നാമത്തെ പ്രമേയത്തെ സംബന്ധിച്ചു് എന്തു നടപടിയാണു ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. PRESIDENT: എല്ലാ പ്രമേയങ്ങളും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ ഒരു പ്രമേയത്തെക്കുറിച്ചു് പ്രത്യേകം ചോദിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly